# Little kites 2022-25





# വെള്ളാരം കല്ലുകൾ
## ഡിജിറ്റൽ മാഗസിൻ

**ജി വി എച്ച് എസ് എസ് വെള്ളാർമല**

# EDITORIAL BOARD

**Editor**



SANJITH

**ASSOCIATE EDITORS**



MUH.CINAS



DILSHA



MALAVIKA



ADHIL K M




ASHIQA




SUBHASREE









# വെള്ളാരം കല്ലുകൾ

## Little kites 2022-25

## ഉള്ളടക്കം


3 തത്ത കുഞ്ഞിന്റെ വിഷമം
ദേവാനന്ദ് എൽ വി

5 ആകാശം
അമോദ് രതീഷ്

6 എന്റെ പുഴ
തന്മയ ജനീഷ്

7 ഒരു കുളിരരുവിയുടെ തീരത്ത്
അൽഹേനാ

8 കിളിമണി നാദം
ഭാഗ്യശ്രീ എസ്

9 കുഞ്ഞി പൂമൊട്ട്
അനാമിക വി

10 തൊട്ടാവാടി ചെടി
അഞ്ജന

11 അപ്പുവിന്റെ അമ്മ
ആര്യ

12 തലപ്പന്തുകളി
അമാന ഫാത്തിമ

13 ഒരു പ്രഭാതത്തിൽ
ദേവതീർത്ഥ

14 വൈക്കം മുഹമ്മദ് ബഷീർ
സഫ

15 മറക്കാത്ത ആ ദിവസം
അഞ്ജലി

16 ഇരുട്ട്
ലയാ

16 ആഗ്രഹത്തിന്റെ ദുരനുഭവം
ലയാ

# തത്ത കുഞ്ഞിന്റെ വിഷമം

അമ്മയും അച്ഛനും
ഞാനുംകൊന്നതെങ്ങിലാണ്
അമ്മയും അച്ഛനും
താമസിച്ചിരുന്നത് .അച്ഛനും
അമ്മയും പുറത്തു പോകുമ്പോൾ
എനിക്ക്
പേടിയാകുമായിരുന്നു.ഒരു
ദിവസം അവർ തീറ്റ തേടിന്
പുറത്തു പോയതായിരുന്നു.
പെട്ടെന്നാണ് അത്
സംഭവിച്ചത്.എന്റെ
കൂടിനുള്ളിലേക്ക് ഒരു കൈ.
അത് എന്നെ ലക്ഷ്യമാക്കി
വന്നതായിരുന്നു ഞാൻ ആകെ
ഭയന്ന് വിറച്ചു.അതായിരുന്നു
നാണപ്പൻ എന്ന
തെങ്ങുകയറ്റക്കാരൻ .അയാൾ
എന്നെ പിടിച്ചു.ആകെ മുറുകെ
പിടിച്ചപ്പോൾ ഞാൻ വേദന
കൊണ്ട് കരഞ്ഞു.എന്റെ
കരച്ചിൽ ആരുമാരും
കേട്ടില്ല.മനുഷ്യന്മാർ
ക്രൂരന്മാരാണെന്നു 'അമ്മ
പറഞ്ഞു ഞാൻ
കേട്ടിട്ടുണ്ട്.അയാൾ എന്നെ ഒരു




കുട്ടിയ്ക്ക് കൊടുത്തു.അവൻ
എന്നെ നിറമുള്ള ഒരു കൂട്ടിലാക്കി.

പാലും പഴവും ഒക്കെ
തന്നു.എന്നാൽ അച്ഛനെയും
അമ്മയെയും കാണാതെ
വിഷമിച്ച എന്റെ മനസ് അവൻ
കണ്ടില്ല.എന്റെ കരച്ചിൽ അവൻ
കേട്ടില്ല.

അപ്പുവിന്റെ 'അമ്മ ഒരുപാട്
അവനോട് പറഞ്ഞു,എന്നെ
പറത്തി വിടാൻ അവൻ അത്
അനുസരിച്ചില്ല.ഒരു അമ്മയുടെ
മനസ് അത് മനുഷ്യനായാലും
പക്ഷി ആയാലും നല്ലതാ അല്ലെ

കൂട്ടുകാരെ ?കരിമ്പ് കഴിച്ചാൽ
തത്ത കുഞ്ഞു
സംസാരിക്കുമെന്ന് അവനോട്
ആരോ പറഞ്ഞു
കൊടുത്തു.അപ്പു നിറയെ
കരിമ്പുമായി
എത്തി.എനിക്കൊന്നും വേണ്ട
എന്നെ തിരികെ
പോകാൻഅനുവദിച്ചാൽ മതി
എന്ന് ആവും പോലെ ഞാൻ
പറഞ്ഞു നോക്കി.അവനെന്റെ
ഭാഷ മനസിലായതേ
ഇല്ല.അപ്പോഴാണ് എന്റെ
അമ്മയുടെ ശബ്ദം ഞാൻ
കേട്ടത് അവർ എന്നെ തേടി
വന്നിരിക്കുന്നു.വീടിന്റെ മുകളിൽ
അമ്മയും അച്ഛനും
വന്നിരുന്നു.'അമ്മ എന്നെ
കണ്ടപ്പോൾ ഓടി വന്നു.പക്ഷെ
കൂടിനുള്ളിൽ കിടക്കുന്ന എന്നെ
രക്ഷിക്കാൻ അവർക്ക്
ആയില്ല.അച്ഛനും അമ്മയും
ആവും പോലെ ശ്രമിച്ചു.പക്ഷെ
മനുഷ്യനെ പോലെ ഞങ്ങൾക്ക്
എല്ലാം സാധിക്കില്ലല്ലോ.'അമ്മ



പറന്നു പോയി കുറെ അരിമണികൾ കൊണ്ട് വന്നു,എനിക്ക് തന്നു.ഞാൻ കുറെ കഴിച്ചു.അമ്മയും അച്ഛനും ഒരുപാട് കരഞ്ഞു.അപ്പു വീട്ടിൽ ഇല്ലായിരുന്നു.അപ്പുവിന്റെ 'അമ്മ പുറത്തേക്ക് വന്നു.

അച്ഛനും അമ്മയും ഞാനും വിഷമിക്കുന്നത് ആ അമ്മക്ക് മനസിലായി.അവർ എന്നെ കൂടു തുറന്നു വിട്ടു.ഞാൻ മെല്ലെ പുറത്തിറങ്ങി.പുതുജീവനോടെ ഞാൻ പറന്നു.ആദ്യാമായി .

**''ബന്ധുര കാഞ്ചന**
**കൂട്ടിലാണെങ്കിലും**
**ബന്ധനം ബന്ധനം**
**തന്നെ പാരിൽ''**


**ദേവാനന്ദ് എൽ വി**

**മൂന്നാം ക്ലാസ്**

# ആകാശം

സുന്ദരമായൊരു ആകാശം
കിളികൾ പാറും ആകാശം
നീലനിറത്തിൽ ആകാശം
എന്തൊരു സുന്ദരം ആകാശം

അമോദ് രതീഷ്
മൂന്നാം ക്ലാസ്സ്





# എന്റെ പുഴ

ഒഴുകുന്ന ഓളങ്ങൾ ഉള്ള പുഴ
പാട്ടുപാടി ആടി കളിക്കും പുഴ
മീനുകൾ തുള്ളി ചാടും പുഴ
കുളിരേകുന്നൊരു നല്ല പുഴ

തന്മയ ജനീഷ്
മൂന്നാം ക്ലാസ്

# ഈ കുളിരരുവിയുടെ ഓരത്ത്

ഒരു ദിവസം ഒരു കുട്ടിയും ആ കുട്ടിയുടെ കുടുംബവും വീടുമാറി ഒരു അരുവിയുടെ അടുത്ത് വീടുവച്ചു . ആ കുട്ടിയും ആ കുട്ടിയുടെ അമ്മയും എല്ലാ ദിവസവും കുളിക്കാൻ ആ അരുവിയിൽ പോകും . ഒരു ദിവസം ആ കുട്ടി ഒരു മാങ്ങ കഴിച്ചുകൊണ്ട് അരുവിയുടെ തീരത്തുപോയി .മാങ്ങയുടെ വിത്ത് ആ കുട്ടി അവിടെ നട്ടു . നാളുകൾക്ക് ശേഷം ആ മരം വളർന്നു .പിന്നെ പിന്നെ ആ കുട്ടിയും അവളുടെ മാതാപിതാക്കളും ആ മരത്തിൽ നിന്ന് മാമ്പഴം പറിക്കാൻ തുടങ്ങി . ആ അരുവിയുടെയും മാവിന്റെയും സ്നേഹം വളരെ കട്ടിയുള്ളതായിരുന്നു . അവർ എപ്പോഴും വളരെ സ്നേഹത്തിലായിരുന്നു . ആ മാവ് ആ കുളിരരുവിയുടെ ജലം വേരുകൾകൊണ്ട് ഊറ്റിയെടുത്തു . എന്നിട്ടും അവർ ആ അരുവിയോടുള്ള സ്നേഹം മറന്നില്ല .

അൽഹേന
6 A




# കിളി മണി നാദം



രാവും പകലും ചിലക്കും
പക്ഷികൾ ............
പ്രകൃതി തൻ സൗന്ദര്യം
വർണ്ണിച്ചീടും ..........

പ്രകൃതിയുടെ വർണാഭ
സൗന്ദര്യത്തോടെ......
കിളികൾ പ്രണയിച്ചീടും
പിച്ചവെക്കും പോലെ ...



പറന്നീടും കുഞ്ഞു
പക്ഷികൾ തൻ
മന്ത്രനാദം പ്രകൃതി
സൗന്ദര്യത്തിലലിഞ്ഞു
ചേർന്നീടും ............

മഞ്ഞുമഴയിൽ കുളിച്ചീടും
പക്ഷിതൻ.............
പൊൻതൂവലുകൾക്ക്
എന്തൊരഴക് .........


ഭാഗ്യശ്രീ .എസ്

# കുഞ്ഞി പൂമൊട്ട്

ശൈത്യകാലത്തെ കോടമഞ്ഞ് മെല്ലെ
മാഞ്ഞുമറഞ്ഞപ്പോൾ ഞാൻ കണ്ടു.....
വസന്തകാലത്തെ കിളിവാതിൽ തുറന്ന്
എത്തി നോക്കുന്ന കുഞ്ഞു
പൂമൊട്ടുകളെ.......
അവ എന്നെ നോക്കി
ചിരിക്കുന്നുവോ......?
അതിന്റെ മൃദുലമായ
ഇലകൾ
തലയാട്ടുന്നുവോ.....?
എല്ലാം മറന്ന് അവയുടെ
രമ്യതയെ
നോക്കി ഞാൻ നിന്നു........
മാരുതൻ എന്നെ വന്ന് തഴുകി.......
ഞാൻ അതിൽ ആമഗ്നനായി......



അനാമിക . വി
8 B



# തൊട്ടാവാടി ചെടി

കൊച്ചു ചെടിയായ
നിനക്കെന്തിന് എന്നോട്
പിണക്കം .തൊട്ടാവാടുന്ന
ചെടിയാക്കുന്ന നീ ....
... നീ എന്തിന് എന്നോട് ...
അതിരാവിലെ മുഖം വാടുന്നു
നീ ...കാറ്റടിച്ചാലും നീ
മനുഷ്യന്റെ സ്പർശനത്തിൽ
വാടുലെ ...... കൊച്ചു ചെടിയെ
നിനക്കെന്തിന് എന്റെടുത്
പിണക്കം ...തൊട്ടാവാടുന്ന
ചെടിയാണ് നീ ........

അഞ്ജന

8 ബി


# അപ്പുവിന്റെ അമ്മ

അപ്പൂ ..... അമ്മ നീട്ടി വിളിച്ചു . ഇവനിതെവിടെ പോയി കിടക്കുവാ ?.... അച്ഛനില്ലാത്തതിന്റെ വിഷമം അറിയിക്കാതെയാണ് ആ അമ്മ അപ്പുവിനെ വളർത്തിയിരുന്നത് . സമയം ഒൻപത് മണി കഴിഞ്ഞിരിക്കുന്നു . എന്താ അമ്മേ ? കിതച്ചുകൊണ്ട് അപ്പു ചോദിച്ചു . നീയിതെവിടെ പോയികിടക്കുവാ? ഞാൻകുളിക്കാൻ കുളത്തിൽ പോയതാണമ്മേ . ഇതാ കാപ്പി . കാപ്പികുടിച്ചു വേഗം സ്കൂളിൽ പോകാൻ തയ്യാറായിക്കോ . അമ്മയും വരാം അങ്ങാടി വരെ . അപ്പുവിന് സന്തോഷമായി . അവൻ വളരെ വേഗം തന്നെ ഒരുങ്ങിയിറങ്ങി . അമ്മയുടെ കൈ പിടിച്ചു വഴിയോരത്തൂടെ തുള്ളിച്ചാടി നടന്നു . അങ്ങാടി എത്തിയപ്പോൾ അപ്പുവിന് ഉമ്മ നൽകി അവനെ പറഞ്ഞയച്ചു അമ്മ . സാധനങ്ങൾ വാങ്ങി തിരിച്ചു വരുമ്പോൾ ഒരു ബൈക്ക് ആക്സിഡന്റിൽ മരിച്ചു . തന്റെ സുഹൃത്തായ അനുവിന്റെ അച്ഛൻ ഇന്നു തന്നെ കൂട്ടാൻ വന്നിരിക്കുന്നു . അവന് ഒന്നും മനസ്സിലായില്ല . ആ അച്ഛന്റെ മുഖത്ത് ദുഃഖം ഉണ്ടായിരുന്നു . അവർ പരസ്പരം ഒന്നും മിണ്ടാതെ വീട്ടിലേക്ക് നടന്നു . ദൂരെ നിന്നുതന്നെ അപ്പു കണ്ടു . അവന്റെ വീട്ടുമുറ്റത്ത് കൂടിയിരിക്കുന്ന ആളുകളെ .



അനു ചോദിച്ചു , എന്താണച്ഛാ അപ്പുവിന്റെ വീട്ടിൽ ഇത്ര ആൾക്കാര് ? ആ അച്ഛൻ എന്തെങ്കിലും പറയുന്നതിനു മുമ്പെ അപ്പു വീട്ടിലേക്കോടി . ആർക്കും അവനെ പിടിക്കാനായില്ല . അമ്മേ..... അമ്മേ..... അവൻ അമ്മയുടെ അടുത്ത് പോയി പൊട്ടിക്കരയാൻ തുടങ്ങി . അമ്മേ ... എണീക്കമ്മേ ... , അമ്മേടെ അപ്പുവാ വിളിക്കണേ . അവന്റെ കരച്ചിൽ കേട്ട് ആളുകളുടെ കണ്ണുകൾ നിറഞ്ഞു . പിന്നീട് അനുവിന്റെ അച്ഛനായിരുന്നു അവന് എല്ലാം . സാവധാനം ദുഃഖമെല്ലാം മറന്നു . രണ്ട് വർഷം കടന്നുപോയി . അന്നു രാവിലെ കേട്ട വാർത്ത അവനെ ഞെട്ടിച്ചു . അനുവിന്റെ അച്ഛന് ജോലിക്ക് വേണ്ടി ഡൽഹിയിൽ പോവണം . ഞാൻ ഏറെ ദുഃഖിച്ചു . അനുവിന്റെ അച്ഛൻ പറഞ്ഞു , "ഞാൻ ഒറ്റക്കല്ല പോണേ ... നമ്മൾ ഒന്നിച്ചാണ് ." അപ്പു അച്ഛനെ നോക്കി . "അതെ അപ്പൂ , നീയും എന്റെ മകനല്ലേ" . അച്ഛൻ അപ്പുവിനെ ചേർത്തു പിടിച്ചു . അവൻ ഓർത്തു , "എന്റെ അമ്മയും കൂടി ഉണ്ടായിരുന്നെങ്കിൽ".....






# ഒരു നാടൻകളി -തലപ്പന്തുകളി

തെങ്ങോല
കൊണ്ടുണ്ടാക്കിയ
പന്തുപയോഗിച്ചുള്ള ഒരു
കളിയാണ്
തലപ്പന്തുകളി.തലപ്പന്തു
കളി എന്ന പേരിലും
അറിയപ്പെടുന്നു.ഓണ
ക്കാലത്താണ്
പൊതുവെ
തലപ്പന്തുകളി
നടത്തുന്നത്.പല
സ്ഥലങ്ങളിലും
വ്യത്യസ്തമായ
കളിനിയമങ്ങളാണ്
നിലവിലുള്ളത്.ഒരാൾ
കളിക്കുമ്പോൾ
മറ്റുള്ളവർ മറുപുറത്ത്
നിൽക്കും.അതിനെ
കാക്കുക എന്നാണ്
പറയുന്നത്. ഒരു കല്ല്
(സ്റ്റമ്പ് )നിലത്തു കുത്തി
നിർത്തി അതിനടുത്ത്
നിന്നാണ്
കളിക്കുന്നത്.ഈ
കല്ലിനെ "ചൊട്ട"എന്നു
ചിലയിടങ്ങളിൽ
പറയും.എറിയുന്ന പന്ത്
നിലം
തൊടാതിരിക്കുമ്പോൾ



മറു ഭാഗക്കാർ
പിടിച്ചെടുക്കുകയാണെ
ങ്കിൽ കളിക്കാരന് കളി
നഷ്ടപ്പെടും.പന്ത് നിലം
കുത്തിവരുമ്പോൾ
പിടിച്ചെടുത്ത്
ചൊട്ടയിലെറിഞ്ഞ്
കൊള്ളിച്ചാലും
അയാളുടെ കളി
തീരും.
കളിക്കാരൻ പല
രീതിയിൽ
പന്തെറിഞ്ഞ് ഒരു
"ചുറ്റു"പൂർത്തിയാക്ക
ണം
നാടുനീങ്ങികൊണ്ടിരിക്കു
ന്ന ഇത്തരം
വിനോദങ്ങൾ
അപൂർവ്വമാണെങ്കിലും
ഇപ്പോഴും നാട്ടിൻ
പുറങ്ങളിൽ
കളിക്കാറുണ്ട്.

അമാന ഫാത്തിമ
4 A



# ഒരു പ്രഭാതത്തിൽ

മെല്ലെ എൻകാൽക്കളെ
ചുമ്പിച്ചു കൊതിതീരാത്തെ
ആ പുല്ലിൻ കൂട്ടം
ആ മഞ്ഞിൽ തണുപ്പിൽ



എന്തിനെന്നറിയാതെ
ഞാൻ ഒന്നുനിന്നു
മെല്ലെ കാതോർത്തു എൻ
കണ്ണുകൾ അറിയാതടഞ്ഞു

പാടി പാടി ഒഴുകും
കൊച്ചരുവികളും പൂവിനെ
ചുമ്പിച്ചു കൊതിതീരാത്ത
ആ ശലഭവും എവിടെ........

മഞ്ഞിൻ തുള്ളികൾ
തൊട്ടുതലോടുമ്പോൾ
മെല്ലെ മൗനമാകും
കൊച്ചുപ്പുല്ലും.............




കണ്ടു കൊതിതിരാത്ത
ആ പ്രഭാതത്തെ നോക്കി
ഞാനും ..........................



ദേവതീർത്ഥ
10 എ

# വൈക്കം മുഹമ്മദ് ബഷീർ


ലഘു ജീവ ചരിത്ര കുറിപ്പ്



വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപറമ്പിൽ കായി അബ്ദുറഹ്മാനിന്റെയും കുഞ്ഞാത്തുമ്മ യുടെയും മകനായി ജനിച്ചു പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പില്ലേ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലുമായിരുന്നു . ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ടിരുന്ന അദ്ദേഹം മലയാളം നോവലിസ്റ് ,കഥാകൃത്, സ്വതന്ത്രസമരസേനാനി , എന്നി നിലകളിൽ പ്രശസ്തനാണ് .ഉപ്പുസത്യാഗ്രഹത്തിൽ പങ്കേടുത്ത് ജയിൽവാസം അനുഭവിച്ചു . ജാനകിയനായ എഴുത്തുകാരനായിരുന്നു അദ്ദേഹം 1958 ഡിസംബർ 18 ന് ഫത്തിമ്മ ബീബിയെ വിവാഹം കഴിച്ചു . 'തങ്കം' ആണ് പ്രസാദികരിച്ച ആദ്യകഥ , 'പ്രേമലേഖനം'ആദ്യ നോവലും . തന്റേതു മാത്രമായ വാക്കുകളും ശൈലികളും അദ്ദേഹത്തിന്റെ രചനകളുടെ സവിശേഷതയായിരുന്നു . ബാല്യകാലാ സഖി ,എന്റെ ഉപ്പുപ്പാക്ക് ഒരു ആന ഉണ്ടായിരുന്നു,പാത്തുമ്മയുടെ ആട് ,മതിലുകൾ , ഭൂമിയുടെ അവകാശികൾ എന്നിവ ബഷീറിന്റെ ശ്രദ്ധേയമായാ കൃതികളാണ് . 1970 ൽ പത്മ ശ്രീ പുരസ്കാരം , 1989 ൽ കേരളസംസ്ഥാന ചലച്ചിത്ര പുരസ്കാരം , 1992 ൽ ലളിതാംബികാ അന്തർജ്ജനം പുരസ്കാരം , 1993 ൽ മുട്ടത്തുവർക്കി അവാർഡ് , 1993 ൽ വള്ളത്തോൾ അവാർഡ് എന്നി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട് . 1994 ജൂലൈ 5 ന് ബഷീർ അന്തരിച്ചു .

സഫ ഫാത്തിമ


10 B



# മറക്കാത്ത ആ ദിവസം

പുലർച്ച ഒരു നാലര അഞ്ച് മണിയായികാണും . ഞാൻ ഒരു സ്വപ്നത്തിൽ ആണ്ടു കിടക്കുകയായിരുന്നു . ഒരു ഭീകരമായ സ്വപ്നമായിരുന്നു അത് .അപ്പോഴാണ് പ്രതിക്ഷിക്കാതെ ഒരു ഭീകരമായ ശബ്ദം .അത് വീണ്ടും വീണ്ടും ആവർത്തിച്ച ചെവികളുടെ ഉള്ളിലേക് ആഴ്ന്നിറങ്ങി .പെട്ടന്ന് ഞാൻ ഞെട്ടിയെഴുന്നേറ്റ് ചുറ്റും നോക്കി . നോക്കിയപ്പോൾ തലയിണക്കു സൈഡിൽ ഒരുവെളിച്ചം . നോക്കിയപ്പോൾ ഫോണിൽ ആരോ വിളിക്കുന്നതാണ് .ഞാൻ ഫോൺ കോൾ നോക്കി.അപ്പുവേട്ടനാണ് വിളിക്കുന്നത് .എന്താ അപ്പുവേട്ടൻ പതിവില്ലാതെ വിളിക്കുന്നത് ? ഞാൻ കോൾ എടുത്തു . അപ്പുവേട്ടൻ പറഞ്ഞ വാർത്ത നെഞ്ചിൽ ആണി കുത്തിക്കേറുന്നത്ര വേദനയുള്ളതായിരുന്നു . ഞാൻ ഭാര്യ രേഷ്മയെ വിളിച്ചു ."എന്താ അനിലേട്ടാ ?". പതിവില്ലാത്ത നേരത്തെ എഴുന്നേറ്റത് ? ഇന്നെന്താ നേരത്തെ പോകണമോ ? അതൊന്നുമല്ല . എപ്പോൾ അപ്പുവേട്ടൻ വിളിച്ചിരുന്നു .വേഗം ആശുപത്രിയിൽ ചെല്ലണം .'അമ്മ ഐ സി യൂ വിൽ ആണ് അറ്റക്കാണെന്നാണ് പറയുന്നത് നീ വേഗം മാറ്റ് ടുട്ടു മോളെയും കൊണ്ടുവന്നോ .വഴിയിൽ തിരക്കാണല്ലോ ? ഇനിയെന്തുചെയ്യും ? എല്ലാവരും പണിക്കുപോവുന്നതിന്റെ തിരക്കാണ് .അപ്പുവേട്ടൻ പിന്നെയും വിളിച്ചു . എന്താണ് അപ്പുവേട്ടാ ? നീ വേഗം വാ അനിലേ .. അമ്മക്ക് സീരിയസ് ആണ്  . രേഷ്മക്ക് ആദി കേറി .ഞാൻ പരമാവധി വേഗത്തിൽ വണ്ടി ഓടിച്ചു .അപ്പുവേട്ടനെ വിളിച്ചുനോക്കി . അപ്പുവേട്ടാ ഏത് ആശുപത്രിയിൽ ആണ് ? മൃത സജീവനീ ഹോസ്പിറ്റലിൽ ആണ് .ഞാൻ വേഗം ഫോൺ വെച്ചു .ഞാൻ ഹോസ്പിറ്റലിൽ ചെന്നു സ്റ്റാഫുകളോട് ചോദിച്ചു .ചിത്ര എന്ന സ്ത്രീ ഏതു ഫ്ലോറിൽ ആണ് ? സെക്കന്റ് ഫ്ലോറിൽ .ഞാൻ  ഓരോ അടി വെക്കുമ്പോളും എന്റേതായ ശക്തി എല്ലാം ചോർന്നുപോയിരുന്നു .ഐ സീ യൂ എത്തി .ഞാൻ അപ്പുവേട്ടനോട് ചോദിച്ചു അമ്മയെവിടെ ? അപ്പുവേട്ടൻ കൈ ചുണ്ടി കാണിച്ചത് തണുത്തു മരവിച്ച വെള്ള തുണി പുതച്ച അമ്മയെയാണ് ..................





# ഇരുട്ട്

ഇരുട്ടിന്റെ ഈണത്തിൽ അമരുന്ന
ജീവിതം ഏറെയായി ഏറെയായി ഒഴുകിടുന്നു.
ഇരുളിമ ളുകുമാനിമിഷങ്ങൾ ഏറെയായി
ഇരുട്ടിൽപ്പെടുന്നൊരായിരങ്ങൾ.

കുഞ്ഞിളം കാറ്റിന്റെ ഗന്ധം പോലും
കൊടുങ്കാറ്റായി തോന്നുന്ന ജീവിതങ്ങൾ
അറിയില്ലെന്തിനി ഇരുട്ടിൽ കിടക്കുന്നു,
വെളിച്ചത്തിലേക്കെത്താൻ ശ്രമിച്ചുകളുടെ.

പുഞ്ചിരി ളുക്കിയ എത്രയെത്ര ജീവിതങ്ങൾ
കരച്ചിലിൽ ആഴ്ന്നിറങ്ങിപ്പോയി.
കരയാൻ അറിയാത്ത എത്ര മുഖങ്ങൾ
ചിരിക്കാൻ തന്നെ മറന്നു പോയി.
ഇവർക്കൊക്കെയായുള്ള ഏക സന്ദേശം,
ഇരുട്ടിനെ കൂട്ടുക്കാരാക്കാതിരിക്കുക.

ലയാ.എസ്



# ആർപ്പോ......... ഇർറോ ഇർറോ ഇർറോ......




വിജയരഥത്തിലേറി
വീണ്ടും
കുട്ടനാടിന്റെ
ഹൃദയത്തുടിപ്പായ
വഞ്ചിപ്പാട്ട്
ഈണത്തിലും
താളത്തിലും
തുഴയെറിഞ്ഞു
ഒരുമെയ്യായി 62-ാം
സ്കൂൾ
കലോത്സവത്തിൽ
അജയ്യരായി
വയനാട് ജില്ലയെ
പ്രതിനിധീകരിച്ചു
വിജയരഥത്തിലേറി
ടീം വെള്ളാർമല.

# സ്നേഹത്തിന്റെ വിളക്ക്

## രംഗം -1


(പ്രഭാതം .അമ്മയുടെ നീട്ടിയ വിളി കേട്ടാണ് മകൻ ഉണ്ണി ഉണരുന്നത്)

അമ്മ :-ഉണ്ണി.....ഉണ്ണി.....വേഗം എഴുന്നേൽക്ക്.ഇന്ന് ഞായറാഴ്ചയല്ല.നിനക്ക് ജോലിക്ക് പോവേണ്ടേ?
ഉണ്ണി :-നിക്കമ്മേ.ഒരഞ്ചു മിനിറ്റ് കൂടി.
അമ്മ :- ഇന്ന് ഒത്തിരി സമയമായി.വേഗം എഴുന്നേറ്റ് കുളിച്ചു പോവാൻ നോക്ക്.
(ഉണ്ണി എഴുന്നേറ്റ് പ്രഭാത കർമ്മങ്ങളെല്ലാം ചെയ്ത് ജോലിക്കു പോവാനിറങ്ങുന്നു)
ഉണ്ണി :-അമ്മേ ഞാൻ ഇറങ്ങുന്നു.
അമ്മ :-ശ്രദ്ധിച്ചു പോവണേ ഉണ്ണീ....നീ വീട്ടിൽ നിന്നെറങ്ങിയാൽ എന്റെ നെഞ്ചിൽ തീയാണ്.
ഉണ്ണീ :-എന്താണമ്മേ, ഇങ്ങനെയൊക്കെ പറയുന്നത് ഞാൻ കൊച്ചു കുട്ടിയോന്നുമല്ലല്ലോ....
(ഉണ്ണി ജോലി കഴിഞ്ഞ് തിരിച്ചു വന്നു.അമ്മയും ഉണ്ണിയും അത്താഴം കഴിക്കാനിരിക്കുന്നു.)
ഉണ്ണി :-ഇന്നെന്താമ്മാ കറി?
അമ്മ :-സാമ്പാറും ഉപ്പേറിയും
(രണ്ടുപേരും ആഹാരം കഴിക്കുമ്പോൾ)

അമ്മ :-ഉണ്ണീ....ഇനിയെങ്കിലും നീ ഒരു കല്യാണം കഴിക്ക്.
ഉണ്ണി :-എന്തിനാണമ്മേ. എനിക്ക് അമ്മയില്ലേ?
അമ്മ :-എപ്പോഴും നിന്റെ കൂടെ ഞാൻ ഉണ്ടാവില്ല.ദൈവം വിളിച്ചാൽ ഞാനങ്ങു പോവും.

## രംഗം -2

(അങ്ങനെ ഉണ്ണിയുടെ വിവാഹം കഴിഞ്ഞു.അവളുടെ പേര് സ്നേഹ എന്നായിരുന്നു.ആദ്യ ദിവസങ്ങളിൽ ഒരു നല്ല പെൺകുട്ടിയായിരുന്നു അവൾ.)
സ്നേഹ :-അമ്മേ, ഇനി ഇവിടെ എന്തെങ്കിലും പണി ഉണ്ടോ?
അമ്മ :-ഇല്ല സ്നേഹ മോളേ.എന്റെ കാല ശേഷം നീ ഉണ്ണിയെ നന്നായി നോക്കണം.
സ്നേഹ :-അത് അമ്മ പറഞ്ഞു തെരണ്ട ആവിശ്യമൊന്നുമില്ലമ്മേ.ഞാൻ ഉണ്ണിയേട്ടനേ നന്നായി നോക്കും.
ഉണ്ണി :-സ്നേഹേ...സ്നേഹേ എന്റെ ബ്രേക്ക് ഫാസ്റ്റ് തയ്യാറായോ.എനിക്ക് പോവാൻ സമയമായി.
സ്നേഹ :-തയ്യാറായി...കഴിച്ചോള്ളൂ...



## രംഗം-3

(പയ്യെ പയ്യെ സ്നേഹയുടെ സ്വഭാവം മാറി വന്നു.അമ്മയെ അവൾ വെറുക്കാൻ തുടങ്ങി.അമ്മക്ക് പ്രായമായതിനാൽ കൈ വിറച്ചു ആഹാരം താഴെ പോവുമായിരുന്നു.അങ്ങനെ ഒരു ദിവസം അമ്മക്ക് ആഹാരം കൊടുക്കുമ്പോൾ)

സ്നേഹ :-ഇതാ തിന്നോ...ഇവിടെയൊന്നും ചിന്താതെ വേഗം കഴിച്ചിട്ട് പാത്രവും കപ്പും ഇങ് താ...

(അമ്മയുടെ കൈ വിറച്ചു ചില്ലു കപ്പ് ചില്ലു കപ്പ് താഴെ വീണുടയുകയും തറയിൽ ചായ ചിന്തുകയും ചെയ്യുന്നു.)

സ്നേഹ :-അയ്യോ! എന്തൊരു കഷ്ടം!എന്റെ എന്റെ പാത്രങ്ങളെല്ലാം ഈ സാധനം നശിപ്പിച്ചു
ഉണ്ണി :-സ്നേഹേ.....
സ്നേഹ :-എന്താ കുഴപ്പം ?ഞാൻ സത്യമല്ലേ പറയുന്നത്
ഉണ്ണി :-നിന്നോട് ഞാൻ പല തവണ പറഞ്ഞിട്ടുണ്ട് അമ്മയോട് കയർത്തുസംസാരിക്കരുതെന്ന്.
സ്നേഹ :-പിന്നെ ഞാൻ എന്തോ ചെയ്യണം?നിങ്ങൾ പറഞ്ഞു താ.
ഉണ്ണി :-അമ്മക്ക് നല്ല പ്രായമായതാണ്. ഇടക്ക് അങ്ങനെയെല്ലാം സംഭവിച്ചെന്നു വരും.
സ്നേഹ :-ഹും ഈ നാശം വീട്ടിലുണ്ടായാലുണ്ടല്ലോ.....
ഉണ്ണി :-ഉണ്ടെങ്കിൽ നീ എന്ത് ചെയ്യുമെടീ....
സ്നേഹ :-എന്ത് ചെയ്യുമെന്ന് നിങ്ങൾക്ക് കേൾക്കണോ......ഈ നാശം ഇനി ഇവിടുണ്ടേൽ ഞാനിവിടെ ഉണ്ടാവില്ല.
വേഗം ഇതിനെ വല്ല വൃദ്ധസദനത്തിലും കൊണ്ടിട്ടൊള്ളൂ
ഉണ്ണി :-നീ അത്രക്കായോടീ.....

(ഉണ്ണി സ്നേഹയുടെ കവിളുനോക്കി ഒന്നങ്ങു കൊടുക്കുന്നു.അവൾ കരയുന്നു.)

അമ്മ :-ഉണ്ണി എനിക്ക് വേണ്ടി നിങ്ങൾ പിരിയാൻ പാടില്ല.എന്നെ അവൾ പറഞ്ഞ സ്ഥലത്തേക്ക് കൊണ്ടാക്കൂ....
ഉണ്ണി :-ഇല്ലമ്മേ....ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം അമ്മയെ ഞാൻ പിരിയില്ല
അമ്മ :-ഉണ്ണീ...നിനക്കെന്നോടു സ്നേഹമുണ്ടെങ്കിൽ നീ എന്റെ എന്നെ ഇവിടെ നിന്നും കൊണ്ട് പോകൂ...

(ഉണ്ണിക്ക് അമ്മയെ കൊണ്ടുപോവേണ്ടി വരുന്നു.സ്നേഹക്ക് സന്തോഷമാവുന്നു.അവസാനമായി അമ്മ ആ വീടിനെ ഒന്ന് നോക്കുന്നു.തിരിഞ്ഞു നടക്കുന്നു)



രംഗം-4

(1 വർഷത്തിന് ശേഷം. വൃദ്ധസദനത്തിൽ നിന്നു ഫോൺ കോൾ.)

വൃദ്ധസദനത്തിലെ ആൾ :-ഹാലോ...മിസ്റ്റർ ഹരീഷിന്റെയും മിസിസ് സ്നേഹയുടെയും വീടല്ലേ.


ഉണ്ണി :-അതെ,ആരാണ് വിളിക്കുന്നത്?
വൃദ്ധസദനത്തിലെ ആൾ :-ഞാൻ വൃദ്ധസദനത്തിൽ നിന്നാണ് വിളിക്കുന്നത്...
ഉണ്ണി :-എന്താണു പ്രശ്നം ?
വൃദ്ധസദനത്തിലെ ആൾ :-അത്....താങ്കളുടെ അമ്മ...
ഉണ്ണി :-മിസ്റ്റർ എന്താണ് പ്രശ്നം പറയൂ....
വൃദ്ധസദനത്തിലെ ആൾ :-താങ്കളുടെ അമ്മ ഇന്ന് രാവിലെ 9:00ക്ക് മരണപ്പെട്ടു...
ഉണ്ണി :-(കണ്ണുകൾ നിറയുന്നു.)
ഓ...ഗോഡ്...എങ്ങനെ?
വൃദ്ധസദനത്തിലെ ആൾ :-അറിയില്ല രാവിലെ ബെഡിൽ മരിച്ചു കിടക്കുന്നതാണ് കണ്ടത്....
(ഉണ്ണി വേഗം വണ്ടിയുടെ താക്കോൽ എടുത്ത് പോവാൻ ഇറങ്ങുന്നു.)

സ്നേഹ :-ഉണ്ണിയേട്ടൻ എങ്ങോട്ടാ....
ഉണ്ണി :-മിണ്ടി പോകരുത് നീ....
[അമ്മ എന്ന സ്നേഹത്തിന്റെ വിളക്കണഞ്ഞു.]

# കാത്തിരിപ്പ്


കാത്തിരിപ്പിനേക്കാൾ വേദനയാണത്
വ്യർത്ഥ മാണെന്നറിയുന്ന നിമിഷം.
കാരണമുണ്ടെങ്കിൽ എത്ര വേണമെങ്കിലും
കാത്തിരിക്കാനും വേണം ഒരു മനസ് എത്രനാൾ
കാത്തിരിക്കാനും തയാറാണെന്നൊരു വ്യക്തിയും
വിശ്വാസമാണെന്നൊരു കാരണമുണ്ടെങ്കിൽ
കാത്തിരിക്കാനാർക്കും സമയമില്ലാക്കാലത്ത്
അതീക്കാലം ഉളവാക്കിയ മനുഷ്യനിലെ മാറ്റം
വിശ്വസമില്ലാതെ ആർക്കുമാർക്കും വേണ്ടി
കാത്തിരിക്കില്ലെന്ന സത്യം തിരിച്ചറിയണം കള്ളവും
കൊള്ളയും പെരുകുന്നതോടയണി മനുഷ്യനിലെ
വിശ്വാസം ആകെ നിലച്ചത് താനെ വിശ്വസിക്കാൻ
ആരാരുമില്ലാതെ തനിക്കു വേണ്ടി ആരൊക്കെ
കാത്തിരിക്കും കാത്തിരിക്കാനാരുമില്ല
താനെയോർത്ത് അത്കൊണ്ട് താനും ഇരിക്കില്ല.
ആരെയും കാത്ത്..........

ലയാ എസ്



# ആഗ്രഹത്തിന്റെ ദുരനുഭവം

അലംകൃത അമ്മയ്ക്കും അച്ഛനും ഉള്ള ഏക മകൾ . ഏറെ ഇഷ്ടമാണ് അവളെ മാതാപിതാക്കൾക്ക് . തിരിച്ചും അങ്ങനെ തന്നെ . എന്നാൽ ഒരുപാട് പേടിയാണ് മകളെ ഓർത്തു , പണ്ട് അലംകൃതയുടെ ജനനസമയത് ഒരു ജ്യോത്സ്യൻ അവളുടെ ജാതകം നോക്കി പറഞ്ഞു അമ്മ ഒരു വലിയ ദോഷമുണ്ട് . അവൾക്ക് അവളുടെ ജീവിതത്തിൽ ഏറെ പ്രാധാന്യമുള്ള ഒന്ന് നഷ്ടപ്പെടും . എങ്കിലും ഒന്ന് അതുകഴിഞ്ഞാൽ പിന്നെ കുഴപ്പമില്ല എന്ന് . അതുകൊണ്ടാണാ പേടി . അവൾ ഒരു ദിവസം സ്കൂളിൽ പോയി . 8 വയസ്സ് മൂന്നാംക്ലാസിൽ പഠിക്കുന്നു . പഠിക്കാനാണെങ്കിൽ മടിയാണ് അവൾക്ക് . ഇന്റെർബെല്ലടിച്ചു . അവൾ കൂട്ടുകാരിയായ അനശ്വരയോടോപ്പവും കളിക്കാൻ പോയി കളിക്കുന്നതിന് ഇടയിൽ ആണ് അവൾ ഓർത്തത് ,ഒരു കാര്യം പറയാൻ അലംകൃത അനശ്വരയേ വിളിച്ചുകൊണ്ടു പോയി ."എടീ നിനക്കറിയുമോ എന്റെ വീടിന്റെ സൈഡിലൂടെ കാണുന്ന ആ വഴിയില്ലേ ആ വഴിയേ പോയാൽ ഒരു മനോഹരമായ വെള്ളച്ചാട്ടത്തിൽ എത്താം ". അതൊരു കഥ അല്ലെ അനശ്വര ചോദിച്ചു കാടോ ! ഒരു ചെറിയ കാട് പക്ഷെ ആൾക്കാർ ആ വഴി പോകുമൊക്കെ ചെയ്യും ."നമ്മുക്ക്പോയാലോ അവിടെക്ക് "എനിക്ക് അത് അമ്മയോട് പറയാൻ പേടിയാണ് 'അമ്മ എന്നെ വിടില്ല അതുകൊണ്ട് ആണ് ഞാൻ പറഞ്ഞത് നമ്മുക്ക് പോയാലോ എന്ന് ? അലംകൃത പറഞ്ഞു .നിന്നെ 'അമ്മ വിടില്ല .കാരണം നിനക്ക് ദോഷമുള്ളത് അല്ലെ .നിന്റെ 'അമ്മ ഒരു വിശ്വാസി അല്ലെ .അനശ്വര ചോദിച്ചു .ഓ ചുമ്മാതെയാ .വിശ്വാസമല്ല അന്ത വിശ്വാസം എന്ന പറ .അലംകൃത ചോദിച്ചു നമ്മുക്ക് പൊക്കാൻ പറ്റുമോ എന്ന് നീ പറ .അലംകൃത ചോദിച്ചു ശെരി എനിക്ക് പേടിയുണ്ട് .പക്ഷെ നീ ഉള്ളത് കൊണ്ട് സാരമില്ല .നമുക്ക് പോകാം പക്ഷെ നമ്മൾ ആല്ലാതെ മറ്റാരും ഇത് അറിയരുത് .അനശ്വര പറഞ്ഞു .ഇല്ലന്നേ .എക്കിൽ നമ്മുക് നാളെത്തന്നെ പോയല്ലോ .നാളെ നേരത്തെ സ്കൂൾ വിടില്ലേ ......... അലംകൃത ചോദിച്ചു .അത് ശെരിയാ നാളെ തന്നെ നമുക്ക് പോകാം . നാളെ എന്റെ അച്ഛനും അമ്മയും




എവിടേക്കോ പോകുന്നുണ്ട് .പക്ഷെ അവർ വീട്ടിൽ തിരിച്ചെത്തുന്നതിന് മുൻപ്  നമുക്ക് വരണം .അനശ്വര പറഞ്ഞു .

അങ്ങനെ അവർ യാത്ര പോകാൻതിരുമാനിച്ചു .നേരം വെളുത്തു .പിറ്റേ ദിവസം രാവിലെ പതിവുപോലെ തന്നെ അവർ രണ്ടുപേരും സ്കൂളിലെത്തി . വൈകുന്നേ രം ആയി 4  മണിക്ക് വിടേണ്ട സ്കൂൾ 2 :30  നു വിട്ടു . അവർക്ക് സന്തോഷമായി . അവർ വേഗം ബാഗോക്കെ എടുത്ത് ഇറങ്ങി . രാവിലെ തന്നെ 2 പേരും കുറച്ചു ബൂക്കെ എടുത്തിരുന്നുള്ളൂ . അതുകൊണ്ട് ബാഗിന് വലിയ ഭാരമുണ്ടായിരുന്നില്ല .അവർ അങ്ങനെ യാത്രക്ക് പുറപ്പെട്ടു . അലംകൃതക്ക് മഞ്ചാടിക്കുരു വലിയ ഇഷ്ടമായിരുന്നു .അവളുടെ കൈയിൽ ഒരു മഞ്ചാടി കുരു കൊണ്ടുള്ള ബ്രെയ്സ്ലറ്റ് ഉണ്ടായിരുന്നു .പക്ഷെ അവൾക് ഏറെ ഇഷ്ടം അവളുടെ കൈയിൽ ഉണ്ടായിരുന്ന ഒരു മഞ്ചാടി കുരു ആയിരുന്നു .

യാത്ര തുടങ്ങി .പെട്ടന്നായിരുന്നു തെളിഞ്ഞ മാനം അവരെ നോക്കി മുഖം കറുപ്പിച്ചത് .പെട്ടന്ന് തന്നെ മാനത്തിന്റെ കണ്ണുനീർ തുള്ളികൾ താഴേക്കു വീണു .കുട്ടികളുടെ വഴിയിൽ ഉണ്ടായൊരു തടസം എന്ന പോലെ .പക്ഷെ അലംകൃതക്ക് മഴ നനയുന്നത് വളരെ ഇഷ്ടമായിരുന്നു.അവർ മഴയൊക്കെ നനഞ്ഞങ്ങനെ പോയി .പക്ഷെ വലിയൊരു പ്രശ്നം കുട്ടികൾകക്ക് അറിയാത്തത് ,മഴ പെയ്താൽ ആ വെള്ളച്ചാട്ടത്തിലേക്ക് മണ്ണിടിച്ചലും ഉരുൾപൊട്ടലുമൊക്കെ ഉണ്ടാവും  .വെള്ളം പൊങ്ങി മനിഷ്യർ ഉൾപ്പെടെ അവിടെ ഉള്ള ജീവചാലങ്ങളുടെ എല്ലാം നാശനത്തിന് അത് കാരണമാകും .അങ്ങനെ മരിച്ചവർ ഏറെയാണ് .ഇതൊന്നുമറിയാതെ അവർ അങ്ങനെ പോയി ..

4 മണി കഴിഞ്ഞിട്ടും കുട്ടികൾ എത്താത്തതിനാൽ മാതാപിതാക്കൾ വിഷമിച്ചു . രണ്ടുപേരുടെയും മാതാപിതാക്കൾ അവരെ അന്വേഷിച്ചു സ്കൂളിൽ ചെന്നു . അവിടെ ഇല്ല . അങ്ങനെ അന്വേഷിച്ചു നടക്കുമ്പോഴാണ് ഒരു വഴിപോക്കൻ പറഞ്ഞത് . കുട്ടികൾ ആ കാട്ടിലുള്ള വെള്ളച്ചാട്ടത്തിലേക്ക് പോയി എന്ന് . അവർ ഞെട്ടി . കരഞ്ഞുകൊണ്ട് അവിടേക്ക് ഓടി . അവർ എത്തും മുമ്പ് കുട്ടികൾ വെള്ളച്ചാട്ടത്തിലേക്ക് എത്തിയിരുന്നു . അവർക്ക് അത് കണ്ടിട്ട് വിശ്വസിക്കാൻ ആയില്ല . എന്തു രസമുള്ള വെള്ളച്ചാട്ടം . രണ്ടുപേരും ഒരേ സ്വരത്തിൽ പറഞ്ഞു . രണ്ടുപേരും വെള്ളച്ചാട്ടത്തിൽ കുളിച്ചാലോ എന്ന് ആലോചിച്ചു . പക്ഷെ



അനശ്വരക്ക്
പേടിയുണ്ടായിരുന്നു . മാത്രമല്ല
നല്ല ആഴമുണ്ടായിരുന്നു .
മഴയായതിനാൽ വെള്ളം
കലങ്ങി തുടങ്ങി .
അതുകൊണ്ട് വെള്ളത്തിൽ
ഇറങ്ങേണ്ട എന്ന് അവർ
തീരുമാനിച്ചു . അങ്ങനെ
വെള്ളച്ചാട്ടത്തിന്റെ
മനോഹാരിത
ആസ്വദിക്കുമ്പോഴാണ് ഒരു
കിളി അവിടേക്ക് വന്നത് . ആ
കിളി ഒരു വിചിത്രമായിരുന്നു .
ആ കിളി
സംസാരിക്കുമായിരുന്നു . അത്
അവരോട് പറഞ്ഞു , "നിങ്ങൾ
ഇവിടെ നിന്ന് വേഗം
രക്ഷപ്പെട്ടോ കുട്ടികളേ . ഇവിടെ
വലിയൊരു ആപത്തു വരാൻ
പോകുന്നു . നിങ്ങൾക്ക്
രക്ഷപ്പെടണമെങ്കിൽ വേഗം
ഇവിടെ നിന്ന് ഓടി
പൊയ്ക്കോളൂ ." എന്ന്
പറഞ്ഞിട്ട് ആ കിളി അവിടെ
നിന്നും പറന്നുപോയി . കിളി
പറഞ്ഞതിന്റെ പൊരുൾ
മനസ്സിലായെങ്കിലും അവിടെ
നിന്ന് കുട്ടികൾ ഓടാൻ
തുടങ്ങി . അവർക്ക് ആവുന്ന
വേഗത്തിൽ .... അങ്ങനെ
ഓടിയോടിയോടി അവസാനം
രണ്ടുപേരും തിരഞ്ഞു വരുന്ന
മാതാപിതാക്കളെ കണ്ടു.
തിരിച്ചു കിട്ടിയ മക്കളേ അവർ
കരഞ്ഞുകൊണ്ട് സ്നേഹിച്ചു .
അപ്പോൾ അനശ്വര
പറഞ്ഞു .അലംകൃത നിന്റെ
മഞ്ചാടി കുരു
എവിടെ .അപ്പോൾ ആണ് ആ
മഞ്ചാടി കുരുവിന്റെ കാര്യം
അലംകൃത
ഓർത്തത് .അലംകൃത
കരയാൻ തുടങ്ങി തിരിച്ചു
വേണമെന്ന് വാശി
പിടിച്ചു .അപ്പോള് അനശ്വര
പറഞ്ഞു ,നിനക്കത് ഇനി
ഒരിക്കലും തിരിച്ചു
കിട്ടില്ല .അവൾ മലമുകളില്ലേക്ക്
അത്ഭുതത്തോടെ നോക്കി
മറ്റുള്ളവരെ വിരൽ ചൂണ്ടി
കാണിച്ചു .അവർ കണ്ടത് രണ്ട്
അത്ഭുത കാര്യങ്ങൾ
ആയിരുന്നു .ഒന്ന് മലമുകളിൽ
നിന്ന് ഒരുവശത്തേക്
ഒലിച്ചിറങ്ങുന്ന
മഴയായിരുന്നു .രണ്ടാമത്തേത്
അവരെ രക്ഷിച്ച ആ കിളി
പറന്നു മുകളിൽ
എത്തിയപ്പോൾ അവൾ ഒരു
സുന്ദരിയായ പെൺകുട്ടിയായി
മാറി . അത് വേറെ
അരുമല്ലായിരുന്നു ആ നാട്ടില്ലേ
തന്നെ ഒരു സൽസ്വഭാവിയായ
അമൃത എന്ന
പെൺകുട്ടിയായിരുന്നു .
അവൾ ഈ വെള്ളച്ചാട്ടത്തിൽ
പെട്ട് മരിച്ചവൾ
ആയിരുന്നു .അവളുടെ
അവസ്ഥ ഈ കുട്ടികൾക്ക്
വരരുത് എന്ന് കരുതി അവള്
ഒരു കിളിയായി ചെന്ന്
രക്ഷിക്കുകയായിരുന്നു

**ലയ**

